# MALAYALA MANORAMA - 27-04-2025

# സിഫ്റ്റ് സ്ഥാപക ദിനാചരണം; ഓപ്പൺ ഹൗസ് പ്രദർശനം 29ന് കൊച്ചിയിൽ

കൊച്ചി● സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ (സിഫ്റ്റ്) സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായി 29ന് ഓപ്പൺ ഹൗസ് പ്രദർശനം നടത്തും. മത്സ്യ മേഖലയിലെ സാങ്കേതിക വിദ്യകളും അറിവുകളും ജനകീയമാക്കുകയെന്ന ലക്ഷ്യത്തിൽ, രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് ഒന്നു വരെയാണു പൊതുജനങ്ങൾക്കു പ്രവേശനം.

സിഫ്റ്റിലെ വിവിധ ഡിവിഷനുകളിലെ നൂതന സാങ്കേതിക വിദ്യകൾ, ഉപകരണങ്ങൾ തുടങ്ങിയവ ഓപ്പൺ ഹൗസിൽ സന്ദർശിക്കാം. കർഷകർ, മത്സ്യത്തൊഴിലാളികൾ, മത്സ്യമേഖലയിലെ സംരംഭകർ, സ്വയംസഹായ സംഘങ്ങൾ തുടങ്ങി മത്സ്യപ്രേമികൾക്കെല്ലാം അവസരം പ്രയോജനപ്പെടുത്താം. വിദഗ്ധരുമായി ആശയവിനിമയത്തിനും സൗകര്യമുണ്ട്. സ്കൂൾ, കോളജ് വിദ്യാർഥികൾക്കു വേണ്ടി സംഘടിപ്പിക്കുന്ന ചിത്രരചന, ഉപന്യാസ മത്സരങ്ങളിൽ പങ്കെടുക്കാൻ 27 വരെ വെബ്സൈറ്റ് വഴി റജിസ്റ്റർ ചെയ്യാം. 98954 79974